വിദ്യാർത്ഥികളുടെ സ്റ്റാൻഡേർഡിനെപ്പറ്റി പ്രതിപാദിക്കുവാൻ മുതിരുന്ന അദ്ദേഹം ആ പ്രശ്നത്തെ സമീപിക്കുന്നതുതന്നെ അശാസ്ത്രീയമായ ഒരു മാർഗ്ഗത്തിൽക്കൂടിയാണു്. അദ്ദേഹംതന്നെ മുഖവിലയ്ക്കു് സമ്മതിക്കുന്നുണ്ടു് "ഇന്നത്തെ വിദ്യാഭ്യാസപദ്ധതിയിലെ പോരായ്മകളുടെ ചിത്രം അവതരിപ്പിക്കുകയല്ലുദ്ദേശം", എന്നു്. എന്തെന്നുവച്ചാൽ പ്രശ്നത്തിന്റെ വിശദാംശത്തിലേയ്ക്കു കടക്കാതെ, കാര്യകാരണബന്ധങ്ങളുടെ സമഗ്രമായ പഠനത്തിനു മുതിരാതെ, അവിടവിടെ നടന്നു് കയ്യിൽ കിട്ടിയ ചിലകാരണങ്ങളെ പെറുക്കിയെടുത്തു് അവയെ ചിലരുടെ മുഖത്തെറിഞ്ഞു് സംതൃപ്തനാകുകയാണെന്നർത്ഥം.

വിദ്യാർത്ഥികളുടെ സ്റ്റാൻഡേർഡ് പ്രതീക്ഷയ്ക്കൊത്തു് പയ്യാപ്പമായി കാണുന്നില്ല. ഇതാണദ്ദേഹത്തിന്റെ പരാതി. ഇവിടെ സ്റ്റാൻഡേർഡ് എന്ന പദംകൊണ്ടു് എന്താണദ്ദേഹം ഉദ്ദേശിക്കുന്നതെന്നു് വ്യക്തമല്ല. "ഒന്നാംക്ലാസ്സുമുതൽ പഠിച്ചുതുടങ്ങുന്ന വിദ്യാർത്ഥിമെട്രിക്കുലേഷൻ ക്ലാസ്സുകഴിയുമ്പോഴേയ്ക്കു്, അയാൾക്കു് നിശ്ചിതമായ ഒരു സ്റ്റാൻഡേർഡ് ഉണ്ടായിരിക്കുമെന്നു് നാം കരുതുന്നു." ഇവിടെ വിദ്യാർത്ഥിക്കു് സ്കൂളിൽനിന്നുകിട്ടുന്ന അറിവിന്റെ നിലവാരം എന്നാണു് അദ്ദേഹം അർത്ഥമാക്കിയിരിക്കുന്നതെന്നു് വേണമെങ്കിൽ ഊഹിക്കാം.

ഇതു പരിശോധനാർഹമാണു്. മെട്രിക്കുലേഷൻ ജയിച്ചുവരുന്ന ഒരു വിദ്യാർത്ഥിയിൽ നിന്നു് ഒരു രക്ഷകർത്താവു് പ്രതീക്ഷിക്കുന്നതു് വിദ്യാലയത്തിൽ പഠിച്ച വിഷയങ്ങളിലുള്ള അറിവു മാത്രമായിരിക്കുമെന്നതോന്നുന്നില്ല. സാമൂഹ്യമായും സദാചാരപരമായും മറ്റും അവന്റെ മനസ്സിനുണ്ടാകേണ്ട വികാസം കൂടെ ആ പ്രതീക്ഷയിലും പ്പെടുന്നു. ഇതുമാനദണ്ഡംവച്ചുനോക്കുമ്പോൾ ഇന്നത്തെ വിദ്യാർത്ഥിയുടെ സ്റ്റാൻഡേർഡ് അത്രമാത്രം അധഃപതിച്ചുപോയിട്ടുണ്ടെന്നു് വിധിയെഴുതുന്നതു ശരിയല്ല. കാരണം, ലേഖനകർത്താവുസ്വീകരിച്ച പത്തുകൊല്ലത്തെ കാലയളവിനുള്ളിൽതന്നെ വിദ്യാർത്ഥിക

ളിൽ ലൗകികങ്ങളായ വിഷയങ്ങളുടെവിവിധനിലകളിലുള്ള വികാസം അത്ഭുതപൂർവ്വമായി നമുക്കു കാണുവാൻകഴിയുന്നുണ്ടു്. ചില പ്രതികൂലപരിതഃസ്ഥിതികളിൽ വളർന്നുവരുന്ന ചില വിദ്യാർത്ഥികൾ ഈ നിഗമനത്തിനു വിപരീതമായി അധഃപതിച്ചുപോകുന്നുവെങ്കിൽ ആ ചുരുക്കംപേർ അവിടെ ഒഴിഞ്ഞുനില്ക്കട്ടെ! അപ്പോൾ രക്ഷകർത്താക്കളുടെ പ്രതീക്ഷയ്ക്കൊത്തു് സ്റ്റാൻഡേർഡ് കിട്ടുന്നില്ല എന്ന വാദം നിരർത്ഥകമാണു്.

ഇനി ഒരു പുസ്തകപ്പുഴുവിനെ വീട്ടിലേയ്ക്കു സ്വാഗതം ചെയ്യുവാൻ തയ്യാറായി നില്ക്കുന്ന രക്ഷകർത്താവിന്റെ ദൃഷ്ടിയിൽ സ്റ്റാൻഡേർഡ് കുറഞ്ഞിട്ടുണ്ടു് എന്നതു് ഒരു അർദ്ധസത്യമാണു്. മെട്രിക്കുലേഷൻ പാസായിവരുന്ന ഒരു വിദ്യാർത്ഥിയ്ക്കു് ഇംഗ്ലീഷിൽ ഒരു എഴുത്തെഴുതുന്നതിനു പോലും സാധിക്കാതെപോകുന്നുണ്ടു്. ഭാഷാപരമായ കഴിവു് ഇതിൽ കൂടുതൽ പ്രതീക്ഷിക്കുന്ന പല രക്ഷകർത്താക്കളുമുണ്ടു്. എന്നാൽ പത്തുകൊല്ലത്തിനുമുമ്പു് വിദ്യാർത്ഥിയ്ക്കു നേടാൻ കഴിഞ്ഞിരുന്ന ഭാഷാപരിജ്ഞാനത്തിനു് തുല്യമായ സ്റ്റാൻഡേർഡ് ഇന്നു പ്രതീക്ഷിക്കുന്ന ആ രക്ഷകർത്താക്കൾ ഈ കാലയളവിനുള്ളിൽ പാഠപദ്ധതിയിൽ വന്നിട്ടുള്ള വ്യതിയാനത്തെ അറിഞ്ഞിട്ടില്ല, അല്ലെങ്കിൽ അറിഞ്ഞിട്ടും വിസ്മരിക്കുന്നു. ചരിത്രം, ഭ്രമീശാസ്ത്രം, കണക്കു്, രസതന്ത്രം, ജീവതന്ത്രം, ഊർജ്ജതന്ത്രം ഇവയെല്ലാം ഇംഗ്ലീഷിൽ പഠിച്ചിരുന്ന വിദ്യാർത്ഥിയ്ക്കുപകരം ഇംഗ്ലീഷു മാത്രം (രണ്ടുപേപ്പർ) ഇന്നു് അതേ ഭാഷയിൽ കൈകാര്യംചെയ്യുന്ന വിദ്യാർത്ഥിയിൽ നിന്നു് അതിരുകവിഞ്ഞ ഭാഷാജ്ഞാനം പ്രതീക്ഷിച്ചിട്ടു് ലഭിക്കാതെ വരുമ്പോൾ അദ്ധ്യാപകന്റെ മുകളിൽ കുതിരകയറിയതുകൊണ്ടു് ഫലമില്ല. ഈ തകരാറുകൾക്കെല്ലാം പ്രധാന കാരണം അദ്ധ്യാപകന്റെ അലസതയാണെന്നു പ്രസ്താവിക്കുവാൻ ലേഖകൻ ഒരു വൃഥാ ശ്രമം ചെയ്യുകാണുന്നതുകൊണ്ടു് ഞാൻ അദ്ധ്യാപകനുവേണ്ടി ഒന്നു് വക്കാലത്തു പിടിച്ചുപോയി എന്നേയുള്ളൂ.

പ്രശ്നം ഇതാണു്, വിദ്യാഭ്യാസം കൊണ്ടു് പ്രതീക്ഷയ്ക്കൊത്ത പ്രയോജനം കിട്ടുന്നില്ല. ഒരു വിഷയത്തെപ്പറ്റിയും ഏറെക്കുറെയെങ്കിലും സാമാന്യമായ അറിവു നേടിക്കൊണ്ടല്ല മെട്രിക്കുലേഷൻ ക്ലാസ്സിൽ നിന്നു് ഒരു വിദ്യാർത്ഥിയും പുറത്തുവരുന്നതു്. ആകെക്കൂടി ഇതാണു് ലേഖകന്റെ പരാതി എങ്കിൽ നമുക്കു തമ്മിൽ പൊരുത്തപ്പെടാൻ വഴിയുണ്ടു്. പക്ഷെ, ഈ ദുഃസ്ഥിതിയുടെ കാരണങ്ങളിലേയ്ക്കു കടക്കുന്നതിനു മുൻപു് ചിലതു മനസ്സിലാക്കിയിരിക്കണം.

വിദ്യാഭ്യാസമെന്ന കേന്ദ്രബിന്ദുവിനു ചുറ്റും ഭ്രമണംചെയ്യുന്ന അനേകം സുശക്തഘടകങ്ങളുണ്ടു്. അതിൽ രക്ഷകർത്താവു്, വിദ്യാർത്ഥി, വിദ്യാലയം, പാഠപദ്ധതി, അദ്ധ്യാപകൻ, മേലധികാരി തുടങ്ങിയവ പ്രാധാന്യമർഹിക്കുന്നു. ഇവരുടെ ഉപഗ്രഹങ്ങളുടെ ഉൾപ്പെടെയുള്ള പൊതുസ്ഥിതി കണക്കിൽ എടുത്തുകൊണ്ടുവേണം വിദ്യാഭ്യാസത്തിനും തദ്വാരാ വിദ്യാർത്ഥിയുടെ സ്റ്റാൻഡേർഡിനും വിലയിരുത്തുവാൻ. ഇന്നത്തെ നില എന്താണു്?

ഒന്നാമതായി രക്ഷകർത്താക്കളെ സമീപിയ്ക്കാം. വിദ്യാഭ്യാസത്തിന്റെ മാഹാത്മ്യത്തേയും പ്രാധാന്യത്തേയും അവരിൽ അധികംപേരും കണക്കാക്കുന്നതു് വിദ്യാഭ്യാസാ

നന്തരം തന്റെ കുട്ടിക്കുണ്ടാകാവുന്ന സാമ്പത്തികമായ പ്രയോജനത്തെ ആസ്പദമാക്കിയാണു്. അതുതന്നെയും സ്കൂളിൽ അയയ്ക്കുക എന്നുള്ളതിൽ കവിഞ്ഞു് അവരുടെ അദ്ധ്യയനവിഷയത്തിൽ ശ്രദ്ധ ചെലുത്തുന്നവർ തുലോം ചുരുക്കമാണു്. തന്നെയുമല്ല, ദരിദ്രരായ രക്ഷകർത്താക്കൾക്കു് തങ്ങളുടെ കുട്ടികളെ മറ്റു പല കായ്ങ്ങൾക്കായി നിയോഗിക്കേണ്ടതായി വരുന്നു. പൊതുവെ നോക്കിയാൽ–വിദ്യാഭ്യാസത്തിന്റെ പുരോഗതിക്കുതകുന്ന ഒരു നിലപാടല്ല രക്ഷകർത്താക്കൾക്കുള്ളതു്. പ്രത്യേകിച്ചു് അഭ്യസ്തവിദ്യരുടെ ഇടയിൽ വളർന്നുവന്നിരിക്കുന്ന തൊഴിലില്ലായ്മ ഇവരെ വളരെയേറെ പിന്നോക്കം തള്ളിയിട്ടുണ്ടു്.

സ്വതന്ത്രനിലയിൽ നിരപരാധികളായ വിദ്യാർത്ഥികളിൽ മുതിർന്നവരുടെ ഇടയിലും മുൻപറഞ്ഞ നിരാശ ഈ കഴിഞ്ഞ കുറെ വർഷങ്ങൾക്കിടയിൽ വളരെ സ്വാധീനം ചെലുത്തിയിട്ടുണ്ടു്. ഒരു ഡാക്ടറുടേയോ അഡ്വക്കേറ്റിന്റെയോ ഇൻജിനീയരുടെയോപോലുള്ള ഒരു ഉന്നത പദവി സ്വപ്നം കണ്ടുകൊണ്ടാണു് അവൻ വിദ്യാഭ്യാസം തുടങ്ങുന്നതും, തുടരുന്നതും. താൻ നാടിനും വീടിനും കൊള്ളാത്ത ഒരു വില്ലാച്ചരക്കായി വാതിൽപ്പുറത്തുക്കപ്പെടുകയാണെന്നു് അവനു ബോദ്ധ്യപ്പെടുന്നതു് കുറേക്കാലം കഴിഞ്ഞാണു്. കവിതനാടകവും, സമഭാജത്രികോണവും, വ്യക്യും, റഫ്ലോറിംഗ് ആക്റ്റും, അക്ഷാംശവും, നിഗീർണ്ണകർത്തുകവും ഒന്നും തന്റെ വയറ്റിൽ കഞ്ഞി തുവാൻ ഉപകരിക്കുന്നില്ലെന്നു് പലരുടേയും അനുഭവങ്ങളിൽനിന്നു് അവനു തോന്നിത്തുടങ്ങുന്നു. പിന്നെ അവനു് കരണീയമായിട്ടുള്ളതു് ഒന്നേയുള്ളൂ. ആർക്കോ എന്തിനോ വേണ്ടി എങ്ങിനെയെങ്കിലും പരീക്ഷ ചാടിക്കടക്കണം. പോരെങ്കിൽ ബാഹ്യശക്തികൾ അവനെ ഇളക്കിയും ഇക്കിളിയിട്ടും പുറകിൽ നിന്നുകൊണ്ടു് ക്ഷണിക്കുന്നുമുണ്ടു്. ഇവയെല്ലാം അവന്റെ സ്റ്റാൻഡേർഡിനെ പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുന്നവയാണു്.

വിദ്യാലയങ്ങളുടെ സ്ഥിതി ആണെങ്കിൽ തികച്ചും രോചനീയമാണു്. വിധിയനുസരിച്ചു് ആവശ്യമായ ഉപകരണങ്ങളോ സ്ഥലസൗകര്യങ്ങളോ മറ്റാനുകൂല്യങ്ങളോ നേടാൻ കഴിഞ്ഞിട്ടുള്ള സ്ക്കൂളുകൾ വിരലിൽ എണ്ണാൻ തന്നെ കാണുകയില്ല. മുപ്പതു കുട്ടികൾക്കു വിധിച്ചിട്ടുള്ള ക്ലാസ്സിൽ അറുപതിനുമേൽ കുട്ടികൾ തിങ്ങി ഞെരുങ്ങിയിരിക്കുന്ന കാഴ്ച സാധാരണമാണു്. സ്വന്തം ചൂണ്ടുവിരലിനെ പരീക്ഷാനാളിയാക്കിയും ഭിത്തിയെ ബോർഡാക്കിയും മാറേറണ്ടി വരുന്ന അദ്ധ്യാപകരുടെ എണ്ണം ഒട്ടും കുറവല്ല. ഒരേ ബഞ്ചിൽ ഞെരുങ്ങിയിരുന്നു മുട്ടിന്മേൽ ബുക്കുവച്ചു് നോട്ടെഴുതേണ്ടി വരുന്ന വിദ്യാർത്ഥിയുടെ സ്റ്റാൻഡേർഡിനാണു് അദ്ധ്യാപകൻ ഉത്തരം പറയേണ്ടതു്. ക്ലാസ്സിനും പ്രായത്തിനും അനുസരിച്ചു് ബഞ്ചിനു പൊക്കം കുട്ടുകയും കുറയ്ക്കുകയും വേണമെന്നു ടയിനിംഗ്കാലത്തു് പഠിച്ചിട്ടുവരുന്ന നിയമം ഒറ്റ ബഞ്ചുപോലുമില്ലാത്ത തറയിലിരിക്കുന്ന വിദ്യാർത്ഥികളുടെ മേൽ എങ്ങിനെ പ്രായോഗികമാക്കാൻ ഒരദ്ധ്യാപകനു കഴിയും? ചില സ്കൂളുകളിൽ കായികവിനോദം വെറും ദിവാസ്വപ്നം മാത്രമാണു്. ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത പ്രതികൂലസാഹചര്യങ്ങൾ കുട്ടികളുടെ അദ്ധ്യയനത്തെ ബാധിക്കുന്നെങ്കിൽ അദ്ധ്യാപകനെ ഹാ! കഷ്ടം! പഴിച്ചിട്ടെന്തു കാര്യം!

പാഠപദ്ധതിയെപ്പറ്റി അഭിജ്ഞന്മാർ പോലും ഒരു അഭിപ്രായൈകൃത്തിൽ എത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ബേസിക് എഡ്യൂക്കേഷനെപ്പറ്റി അന്വേഷിക്കുവാനും മറ്റുമായി അടുത്തകാലത്തു സംസ്ഥാനത്തുവന്ന കമ്മറ്റിയിലെ ചെയർമാനുപോലും ജനതാമദ്ധ്യത്തിൽ വയ്ക്കുവാനുണ്ടായിരുന്നതു് ചിലതാക്കീതുകളും, മധുരംപുരട്ടിയ പ്രതീക്ഷാഗ്രഹികളുമായിരുന്നു. നാം നിത്യവും കാണുന്ന ഒരു പരമാർത്ഥമുണ്ടു്. പത്താമത്തെ വയസ്സിൽ ഫസ്റ്റ് ഫാറത്തിൽ പ്രവേശിക്കുന്ന മിടുക്കനായ ഒരു വിദ്യാർത്ഥി ബുക്കുകളും പുസ്തകങ്ങളുമടക്കം ഇരുപത്തിയാറിൽ കുറയാത്തഎണ്ണം താങ്ങിയെടുത്തുകൊണ്ടുവേണം സ്കൂളിലേക്കു യാത്രതിരിക്കാൻ. (രണ്ടാം ക്ലാസിലെ ഉപപാഠത്തിന്റെയുംമറ്റും കഥയിരിക്കട്ടെ) മെട്രിക്കുലേഷൻക്ലാസിൽനിന്നും പുറത്തുചാടുന്നവിദ്യാർത്ഥി ഇരുപതോളം ടെക്സ്റ്റ്ബുക്കുകളും, അതുയുമോ അതിൽ കൂട്ടതലുമോ (രചനയുംപ്പെടെ) നോട്ടുബുക്കുകളുമടങ്ങിയ ഒരു ഭാണ്ഡമാണു് തലയിൽ നിന്നു് ഇറക്കിവയ്ക്കുന്നതു്.

അദ്ധ്യയനസമയത്തിന്റെയും ധാരണാശക്തിയുടേയും പരിമിതിയും പാഠ്യവിഷയങ്ങളുടെവൈവിദ്ധ്യവും ആധിക്യവുംതമ്മിൽ ക്ലാസുറൂമിൽ ഒരു ഭയങ്കര സംഘട്ടനമാണു് നടക്കുന്നതെന്നു പറഞ്ഞാൽ കഴിഞ്ഞു. ഈ പൊരുത്തക്കേടു് വിദ്യാർത്ഥിയേയും അദ്ധ്യാപകനേയും പരസ്പരം ശത്രുക്കളാക്കി മാറുക എന്ന ഒരു ഫലംകൂടി ചെയ്യുന്നുണ്ടു്. പ്രൈമറിസ്കൂളിലെ ഷിഫ്റ്റ്സമ്പ്രദായത്തിന്റെ കഥയും ഭിന്നമല്ല. പാഠപുസ്തകങ്ങളിലെ സംഖ്യകളുടെ എണ്ണിയാൽ തീരില്ല "അറേബ്യൻകടലിൽനിന്നു് പടിഞ്ഞാറോട്ടടിക്കുന്ന കാറ്റു് കേരളത്തിൽ മഴപെയ്യിക്കുന്നുണ്ടെന്നും(ഭൂമിശാസ്ത്രം) 35 കോടി ജനങ്ങൾക്കും മാത്രമുള്ള ചൈനയിൽ ഇന്നും ക്രമിനൽഭരണമാണു നടക്കുന്നതെന്നും (III ഫോം പാഠാവലി) കേരളം പരശുരാമൻ സൃഷ്ടിച്ചു് ബ്രാഹ്മണർക്കു് ദാനം ചെയ്തതാണെന്നും (മൂന്നാംക്ലാസു്) പഠിക്കുകയും, പഠിപ്പിക്കുകയും ചെയ്യേണ്ടിവരുന്നതു് പാഠപദ്ധതിയുടെ പരാജയമല്ലെങ്കിൽ മറ്റെന്താണു്? ഇങ്ങനെ നോക്കിയാൽ വിദ്യാർത്ഥിയുടെ സ്റ്റാൻഡേർഡിനെ തുലോം പരാജയപ്പെടുത്തുന്ന ഈ വൈപരീത്യങ്ങൾക്കും അദ്ധ്യാപകൻ ഉത്തരവാദിയാണെന്നു് ശ്രീ. ഈ സാ വിധിക്കുമോ ആവോ?

ലേഖകൻ ചൂണ്ടിക്കാണിച്ചതുപോലെ ഏതെങ്കിലും സ്കൂളിൽ ഏതെങ്കിലും അദ്ധ്യാപകൻ മനഃപൂർവ്വം അലസനായിരിയ്ക്കുന്നുണ്ടെങ്കിൽ ശിക്ഷാർഹരായ അവരെ ഒഴിച്ചുനിത്തിക്കൊണ്ടു് നമുക്കു് അദ്ധ്യാപകരുടെ പൊതുപ്രശ്നത്തിലേക്കു കടക്കാം. മറ്റാരെയും പോലെതന്നെ അദ്ധ്യാപകനും ഒരു സമുദായജീവിയാണു്. അതേസമയം മറ്റാരേയുംകാൾഉത്തരവാദിത്വമുള്ളവനുമാണു്. അവന്റെകയ്യിൽ വിശ്വാസപൂർവ്വം ഏർപ്പിക്കപ്പെട്ടിരിക്കുന്ന നിധികുംഭങ്ങൾ ഏതാണെന്നു് തികച്ചും ബോധവാനാണു്–ആയിരിക്കേണ്ടതുമാണു്. അമ്മയേക്കാൾ ആശാനെ വിശ്വസിക്കുന്ന കുരുന്നുഹൃദയങ്ങൾ മുതൽ ജീവിതായോധനത്തിലെ വെട്ടും തടയും പഠിച്ചു് രംഗത്തിറങ്ങുന്ന യുവ്വനത്തിന്റെ പകപഫലങ്ങൾവരെ അടങ്ങിയ ഒരു തലമുറയുടെ മുക്കാൽപിടിക്കുന്നതു് അശക്തങ്ങളെങ്കിലും അദ്ധ്യാപകന്റെ ഹസ്തങ്ങളാണെന്നു് അവനു നല്ലപോലെഅറിയാം.

—അറിയേണ്ടതുമാണു്. എന്നാൽ അവനെ കമ്മേഷൻമുഖനാക്കുന്നതിനു് ആദ്യമായി അവന്റെ മുമ്പിൽനിൽക്കുന്നപ്രതിബന്ധങ്ങൾ മാറണം. എന്താണവ? അദ്ധ്യാപകന്റെ മാനസികമായസന്തുഷ്ടി അദ്ധ്യാപനത്തിനു് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നാണെന്നു് വിദ്യാഭ്യാസവിദഗ്ധന്മാർ വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ഇപ്പറഞ്ഞ സന്തുഷ്ടിക്കു് അവന്റെ സാമ്പത്തികഭദ്രത അനപേക്ഷണീയമായ ഒരു ആവശ്യമാണു്. ഇന്നത്തെ ശോചനീയനില രക്ഷകർത്താക്കളുംപ്പെടെ എല്ലാവർക്കും അറിയാം. സമുദായമദ്ധ്യത്തിലെ അവന്റെ പദവി സമുദായത്തിന്റെ ഘടകമായ വിദ്യാർത്ഥികളിലും സ്വാധീനം ചെലുത്തത്തക്ക നിലയിൽബഹുമാന്യമായി ഇരുന്നേപറ്റൂ. ഇനി അദ്ധ്യാപകന്റെ ജോലിക്കായ്മും മി: ഈസാ യാഥാർത്ഥ്യത്തിൽ നിന്നും തികച്ചും അകന്നുനിന്നുകൊണ്ടാണു് ഇതിനെ വീക്ഷിക്കുന്നതു്. ആഴ്ചയിൽ ശരാശരി 25 പീരീഡ് ജോലിചെയ്യുന്ന (എക്സ്ട്രാവർക്കുകൾക്കുപുറമേ) ഒരു അദ്ധ്യാപകനു് ബാക്കിസമയം പരിപൂർണ്ണവിശ്രമമാണെന്നു് ഒരു മിഥ്യാബോധം ആക്രമിക്കയാൽ മൂഢസ്വർഗ്ഗത്തിലെത്തി അവിടെയിരുന്നുകൊണ്ടു് ഈ പ്രശ്നത്തിനു വിധിയെഴുതിയാൽ പോരാ. ആത്മാർത്ഥമായി കൃത്യനിർവ്വഹണം നടത്തുന്ന ഒരദ്ധ്യാപകനു് സാദ്ധ്യായദിവസങ്ങളിലെ ഒഴിവുസമയമെന്നല്ല അനദ്ധ്യായദിവസങ്ങളിൽ ഒരു നല്ലശതമാനം സമയംക്രൂടി ജോലി ചെയ്തേ പറ്റൂ. ഒരുദാഹരണം പറയാം. 50 വിദ്യാർത്ഥികൾ വീതമുള്ള 5 ക്ലാസുകളിലെ 250 വിദ്യാർത്ഥികളെ മലയാളം പഠിപ്പിക്കുന്ന ഒരദ്ധ്യാപകൻ അതുയും വിദ്യാർത്ഥികളുടെ കാമ്പോസിഷൻ ബുക്കുകൾ മാസത്തിൽ രണ്ടുതവണ പരിശോധിച്ചു് തെറ്റുതിരുത്തി വിണ്ടുമെഴുതിച്ചു് അംഗീകാരംകൊടുക്കണമെങ്കിൽ ഇതിനുമാത്രം എത്രസമയം വേണ്ടിവരുമെന്നുഹിച്ചുകൊണ്ടാൽ മതി. ഇതിനുംപുറമേ പാഠങ്ങൾ തയ്യാറാക്കുക, പാഠക്കുറിപ്പു തയ്യാറാക്കുക, നോട്ടുബുക്കുകൾ പരിശോധിച്ചു് ശരിപ്പെടുത്തുക, ക്ലാസുപരീക്ഷകളുടേയും, മറ്റു പൊതുപരീക്ഷകളുടേയും ഉത്തരക്കടലാസുകൾ നോക്കുക, പാഠപുസ്തകങ്ങളിലെ തെറ്റുകൾ തിരുത്തുക, ക്ലാസദ്ധ്യാപകനാണെങ്കിൽ ഹാജർബുക്കു്, അതിനോടനുബന്ധിച്ച കണക്കു്, മാസാന്ത്യം തുടങ്ങിയ രേഖകൾ തയ്യാറാക്കുക തുടങ്ങി ഒട്ടേറെപണികൾ വിട്ടുവീഴ്ചയില്ലാതെ ചെയ്തുതീർക്കാൻ അദ്ധ്യാപകൻ ബാദ്ധ്യസ്ഥനാണു്. ഓരോ വിഷയത്തിലും വിദഗ്ധന്മാർ തയ്യാറാക്കിയിട്ടുള്ള പുസ്തകങ്ങളെല്ലാം പരിശോധിച്ചു് നല്ലതു തെരഞ്ഞെടുക്കേണ്ട ഗതികെട്ട ജോലിയും ഇതിനെല്ലാം പുറമേ ലേഖകൻ അദ്ധ്യാപകർക്കു് നീക്കിവച്ചിരിക്കുകയാണു്.

രണ്ടോ മൂന്നോ അദ്ധ്യാപകർ മാത്രം ചാപല്യത്തിന്റെ മൂർത്തീകരണങ്ങളായ 600-700 വിദ്യാർത്ഥികളടങ്ങിയ ഒരു പ്രൈമറി സ്കൂളിലെ അദ്ധ്യയനം നടത്തിപ്പോരുന്ന കഥകൾ പത്രങ്ങളിൽനിന്നു് പതിവായി നാം ഗ്രഹിക്കാറുണ്ടു്. പബ്ലിക്കു് പരീക്ഷയുള്ള ക്ലാസ്സുകളിൽ പോർഷൻ തീർക്കാറുള്ളതു് ഒരു മാനദണ്ഡമായി സ്വീകരിക്കുവാൻ പാടില്ല. കാരണം അതെങ്ങനെ നടക്കുന്നു എന്ന ചോദ്യത്തിനു് പള്ളിയിലെ പരിശുദ്ധ കുർബാനകളിൽ പങ്കെടുക്കേണ്ട ഞായറാഴ്ചകളിൽ പോലും പുസ്തകക്കെട്ടുമായി അദ്ധ്യാപകനെശപിച്ചുകൊണ്ടു് സ്കൂളിലേക്കു പോകുന്ന വിദ്യാർത്ഥികൾ അതിനുത്തരം പറയും.

ഉപകരണങ്ങളുടെ കുറവു്, ക്ലാസ്സിലെ കുട്ടികളുടെ ആധിക്യം (56 പേരെ വരെ ഒരു ക്ലാസ്സിലിരുത്താമെന്നു് ഗവണ്മെൻറു തന്നെ സമ്മതിച്ചിട്ടുണ്ടു്), രക്ഷകർത്താക്കളുടെ സാമ്പത്തികപരാധീനത തുടങ്ങി മുൻപറഞ്ഞ പല തകരാറുകളും അദ്ധ്യാപകൻറെ കൃത്യനിർവ്വഹണത്തെ അങ്ങേയറ്റം ബാധിക്കുന്നുണ്ടു്. ട്രെയിനിംഗു് കഴിഞ്ഞിട്ടുള്ളവർ ആ രീതിയെ അവഗണിക്കുന്നുണ്ടെന്നു് ഒരു ആരോപണവും മി. ഈസാ കൊണ്ടുവന്നിട്ടുണ്ടു്. ഓരോ ക്ലാസ്സിലും പാഠപദ്ധതിയനുസരിച്ചു് തീർക്കേണ്ട പാഠഭാഗങ്ങളും സ്കൂളിൻറെ പൊതു ആവശ്യത്തിനു എടുക്കാറുള്ളതു കഴിച്ചു് കിട്ടുന്ന സമയംകൊണ്ടു് ട്രെയിനിംഗ്മെത്തേഡ് അനുസരിച്ചു് ഏതെങ്കിലും അദ്ധ്യാപകനെക്കൊണ്ടു് എടുപ്പിച്ചു തീർക്കുന്നതിനു (മി. ഈസാ ഒരു അദ്ധ്യാപകനാണെങ്കിൽ അദ്ദേഹം തയ്യാറായാലും മതി) അദ്ദേഹത്തെ വെല്ലുവിളിക്കാൻ ഈ ലേഖകൻ തയ്യാറാണു്. ട്രെയിനിംഗിനോടുള്ള അവഗണനയല്ല. പാഠഭാഗങ്ങളുടെ അപാരതയും സമയത്തിൻറെ പരിമിതിയും തമ്മിലുള്ള പൊരുത്തക്കേടാണു് പ്രധാന കാരണം. ചില അദ്ധ്യാപകർക്കു് ട്രെയിനിംഗ് സമ്പ്രദായം അനുസരിക്കാതെ തന്നെ വിജയകരമായി അദ്ധ്യയനംനടത്താൻ കഴിഞ്ഞു എന്നും വരാം. അനുഭവങ്ങളുണ്ടു്.

സ്ക്രൂ തുറന്നു് വിദ്യാർത്ഥികളുടെ പൊതുഗതിയുമായി പൊരുത്തപ്പെട്ടു പാഠങ്ങൾ ആരംഭിച്ചു. കുറെ കഴിയുമ്പോൾ അനുകസ്മികമായി ഉണ്ടാകുന്ന സ്ഥലംമാറ്റം ഡിസ്ട്രിക്ടു് സ്കൂളുകളിലെ അദ്ധ്യയനത്തെ സാരമായി ബാധിക്കാറുണ്ടു്. യഥാകാലം ടെക്സ്റ്റ്ബുക്കുകൾ കിട്ടാതെ വന്നാൽ അദ്ധ്യാപകൻ എങ്ങിനെ തെറ്റുകാരനാകും. ഇങ്ങനെ നോക്കിയാൽ അദ്ധ്യാപകൻറെ അലസതയാണു് വിദ്യാർത്ഥികളുടെ സ്റ്റാൻഡേർഡ് അധഃപതിക്കാൻ കാരണമെന്ന അന്ധമായി വച്ചുകെട്ടുന്ന ആരോപണം യാഥാർത്ഥ്യങ്ങളുടെ നേർക്കു് കണ്ണടച്ചു ഇരുട്ടാക്കാനുള്ള ഒരു ശ്രമമാണെന്നു കാണാവുന്നതാണു്. കൃത്യനിർവ്വഹണത്തിൽ ഉയർന്നസഫലത വർദ്ധിപ്പിക്കുവാനുദ്ദേശിച്ചുകൊണ്ടു് അദ്ധ്യാപകൻറെ വാർഷിക ശമ്പളവർദ്ധനവിനെ തടയുന്നതിനു് അധികൃതർ എടുത്തിരിക്കുന്ന തീരുമാനം ക്രിയാത്മകമായ പ്രവർത്തനങ്ങൾക്കു് പ്രേരണ നല്കുവാൻ ഉപകരിക്കുന്നുണ്ടു്. താങ്ങാനാവാത്ത ഭാരം വിദ്യാർത്ഥികളുടെ തലയിൽ കയറ്റിക്കൊടുക്കുവാൻ നിർബ്ബന്ധിതനാക്കിയതിനു ശേഷം തജ്ജന്യങ്ങളായ കുഴപ്പങ്ങൾക്കു് അദ്ധ്യാപകനെ കുറ്റം പറയുന്നതു കാണുമ്പോൾ മിൽട്ടൻറെ over crowded curriculum ത്തെ ഒരു പിഞ്ചുകുതിരയെ അതിവേഗം പായിക്കുവാൻ സാഹസപ്പെടുന്ന കുതിരക്കാരനോടു് ഉപമിച്ച ജോൺസൻറെ വാക്കുകളാണു് ഓർമ്മയിൽ വരുന്നതു്.

ആകെക്കൂടി നോക്കിയാൽ അടിസ്ഥാനകാരണങ്ങളിലേക്കു കടന്നു് അവയ്ക്കു് പരിഹാരം നേടി കാര്യങ്ങളെ സാധാരണഗതിയിലേക്കും ക്രമേണ അഭിവൃദ്ധിയിലേക്കും നയിക്കുന്നതിനു പകരം അവിടവിടെയായി ചില തേച്ചുമിനുക്കലുകൾ നടത്തുന്ന നയം ഇരുട്ടുകൊണ്ടു് ഓട്ടയടയ്ക്കൽ മാത്രമായേ പരിണമിക്കൂ. ആകയാൽ വിദ്യാർത്ഥികളുടെ സ്റ്റാൻഡേർഡ് വർദ്ധിപ്പിക്കാൻ താഴെപ്പറയുന്ന കാര്യങ്ങളെങ്കിലും അടിയന്തിരമായി ചെയ്യേതീർക്കണം. 1) വിദ്യാർത്ഥികൾക്കു് സാമ്പത്തികസഹായം ചെയ്യുക. 2) കുട്ടികളുടെ എണ്ണത്തിനും ക്ലാസ്സുകളുടെ സ്വഭാവ

കുട്ടികളുടെ വനം

വി. ജി. സെഖേറിയാ, ബി. എ., എൽ. ടി.

വനമഹോത്സവത്തോടനുബന്ധിച്ച് ഇക്കൊല്ലം വന്യമൃഗദിനംകൂടി കൊണ്ടാടിയതു് ഏറ്റവും സമുചിതമായി. ദേശീയ ജീവിതത്തിൽ വന്യമൃഗങ്ങൾക്കുണ്ടായിരിക്കേണ്ട മാന്യസ്ഥാനത്തെ അതു ചൂണ്ടിക്കാണിക്കുകയാണു് ചെയ്യുന്നതു്. വന്യമൃഗങ്ങൾ കേവലം വെടിപ്പുണ്ടങ്ങൾമാത്രമാണെന്നുള്ള ധാരണ നീക്കം ചെയ്യേണ്ടതാണു്. കാട്ടുജന്തുക്കളെ സ്വാഭാവിക മുറുപാടിൽ സംരക്ഷിച്ചു് പൊതുജനങ്ങൾക്കു് അവയെ കാണുന്നതിനും, ശാസ്ത്രജ്ഞന്മാർക്കും വിദ്യാർത്ഥികൾക്കും അവയെ നിരീക്ഷണം ചെയ്യുന്നതിനും വേണ്ടസൗകര്യങ്ങൾ പരിഷ്കൃതഗവർമ്മെൻറുകൾ ചെയ്തുകൊടുക്കുന്നുണ്ടു്. അമേരിക്കയിലെ "എല്ലോസ്റ്റോൺ നാഷനൽ പാർക്കു്" ഇത്തരത്തിലുള്ള ഒരു വന്യമൃഗസങ്കേതമാണു്.

ഏറെക്കുറെ ഇതുപോലെയുള്ള ഒരു ഗെയിംസാങ്ചുവറിയാണു് നമ്മുടെ ഭൂവനപ്രസിദ്ധമായ പെരിയാർ തടാകവും അതിൻെറ മദ്ധ്യേ സ്ഥിതിചെയ്യുന്ന ഇടപ്പാളയം ദ്വീപും. അവിടെ താമസിക്കുന്നതിനും, തടാകത്തിൽ സഞ്ചരിച്ചു് മുറുപാടും വിഹരിക്കുന്ന വന്യമൃഗങ്ങളെ കാണുന്നതിനും വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. വിദേശസന്ദർശകരുടെ ബാഹുല്യത്താൽ ഈ സങ്കേതം ഒട്ടും അപ്രധാനമല്ലാത്ത ഒരു ഡോളർ സമ്പാദിക്കുന്ന കേന്ദ്രംകൂടിയാണു്. എന്നാൽ ഉർവ്വീഹമായ മുറിവാടകയും, ബോട്ടുക്കൂലിയുംമൂലം നമ്മുടെ നാട്ടിലെ സാധാരണ പൗരനു് ഇവിടുത്തെ പ്രകൃതിവിലാസങ്ങൾ അപ്രാപ്യമാണെന്നുള്ളതു്

ത്തിനുമനുസരിച്ചു് സ്ക്കൂളുകൾ വികസിപ്പിക്കുക. 3) സ്ക്കൂളുകളിൽ ആവശ്യമായ എല്ലാ ഉപകരണങ്ങളും യഥാകാലം എത്തിക്കുക. 4) അവശ്യംവേണ്ട അദ്ധ്യാപകരെയെങ്കിലും തക്കസമയത്തു് നിയമിക്കുക. 5) അദ്ധ്യാപകരുടെ തൊഴിൽഭാരം ലഘൂകരിക്കുക. 6) അദ്ധ്യാപകരുടെ സാമ്പത്തികനിലവാരം ഉയർത്തുക. 7) സർവ്വോപരി വിദ്യാർത്ഥികളെ ആകർഷിക്കത്തക്ക നിലയിലും അവർക്കു് പ്രയോജനകരമായ വിധത്തിലും പാഠപദ്ധതി പരിഷ്കരിക്കുക. 8) അവരെക്കൊണ്ടു് എടുക്കാവുന്ന ഭാരംമാത്രം എടുപ്പിക്കുക.

ഇതുമെങ്കിലും ചെയ്യുതീർക്കുന്നതിനു് എത്രമാത്രം കാലതാമസം വരുന്നുവോ അത്രത്തോളം തന്നെ കാലതാമസം വിദ്യാർത്ഥികൾ പുസ്തകത്തിൽനിന്നു് നേടുന്ന അറിവിൻെറ നിലവാരത്തിൻെറ വളർച്ചക്കും ഉണ്ടായിക്കൊണ്ടിരിക്കും. ഇതു മനസ്സിലാക്കാതെ വിദ്യാർത്ഥിയുടെ സ്റ്റാൻഡേർഡെല്ലാം ഇരിക്കുന്നതു് അദ്ധ്യാപകൻെറ പോക്കറിലാണെന്നു നാം പരത്തുന്നതിൽ കഴമ്പില്ല.

ഒരു പരമാത്ഥംമാത്രമാണു്. അതിനാൽ സാധാരണക്കാരനും, സ്ക്കൂൾ വിദ്യാത്ഥി കൾക്കും വലിയചെലവുകൂടാതെ സന്ദർശി ക്കുന്നതിനു് ഒരു "മിനിയേച്ചർ നാഷനൽ പാക്കു്" ദ്വിതീയപദ്ധതിയിൽവിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറു വകയായിനിർമ്മിക്കുന്നതു് നന്നായിരിക്കും.

മദ്ധ്യതിരുവിതാംകൂറിലെ കൊട്ടമൺ റിസർവ്വിൻെറ മദ്ധ്യഭാഗം (300 acres) ഒരു വന്യമൃഗസങ്കേതം നിർമ്മിക്കുന്നതിനു് ഏറ്റവും പറ്റിയസ്ഥാനമാണു്. ജലസമ്പന്നമായ അച്ചൻകോവിലാറിലെ വെള്ളം കൊണ്ടു് കൃശഗാത്രയായ കുളക്കടയാറിനെ ഒരു തോട്ടമൂലം പോഷിപ്പിക്കുന്നതിനു് ഒരു ഇറിഗേഷൻ പദ്ധതി ദ്വിതീയ പദ്ധതി യിൽ ഉണ്ടായേ മതിയാവൂ. കോന്നിയിൽ നിന്നു് 12 മൈൽ കിഴക്കായി സ്ഥിതി ചെയ്യുന്ന കരിപ്പാൻതോട്ട ഭാഗത്തുനിന്നു് ഈ കനാൽ ആരംഭിച്ചു്, ക്രടൻ, കൊട്ടമൺ, അട്ടർവഴി കുളക്കടയാറ്റിൽ ചേക്കാവുന്നതാണു്. ഈ കനാൽജലമുപയോഗിച്ചു് കൊട്ടമൺ റിസർവ്വിൽ ആയിരമേക്കർ വിസ്തീർണ്ണവും 10 മുതൽ 50 അടിവരെ ആഴമുള്ളതുമായ ഒരു കൃത്രിമതടാകവും അതിനു ചുറ്റും രണ്ടായിരമേക്കർ വനംവേർതിരിച്ചു് ഒന്നാന്തരമൊരു വന്യമൃഗസങ്കേതവും ഹോട്ടലും നിർമ്മിക്കണം. കൊട്ടമൺ റിസർവ്വിലെ വാട്ടർ റേറബിൾ പൊതുവേ ഉയർന്നതാകയാൽ തടാകത്തിലെ ജലം ഒരിക്കലും വറ്റിപ്പോകുന്നതല്ലയെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണു്. ഈ സങ്കേതത്തിലേക്കു് ആവശ്യമായ കൂടുതൽ വന്യമൃഗങ്ങളേയും ജലജന്തുക്കളേയും വരുത്തി വളർത്താവുന്നതാണു്. അട്ടരിൽനിന്നു് വെറും 5 മൈൽ മാത്രം ദൂരമുള്ളതിനാൽ മദ്ധ്യതിരുവിതാംകൂറിലെ പാവപ്പെട്ടവർക്കും, വിദ്യാത്ഥികൾക്കും വലിയചെലവുകൂടാതെ സങ്കേതം സന്ദർശിച്ചു് അറിവും ആനന്ദവും നേടാവുന്നതാണു്. വിരസമായ സ്ക്കൂൾജീവിതത്തിനു് ഇടയ്ക്കിടെ ഒരു ചൈതന്യം നൽകുന്നതിനു് ഇതു പര്യാപ്തമാണു്. വിദ്യാഭ്യാസം, സൂ, ഫോറസ്റ്റു്, ഗെയിംസു് ഈ ഡിപ്പാർട്ടുമെൻറുകളുടെ പ്രതിനിധികളടങ്ങിയ ഒരു കമ്മറ്റി രൂപീകരിച്ചു് ഇതിനെപ്പറ്റി സത്വരമായ അന്വേഷണം നടത്തണമെന്നു അഭ്യർത്ഥിച്ചുകൊള്ളുന്നു.

—*—

തൻെറ പുത്രനു് അവധി അനുവദിക്കണമെന്നു് അപേക്ഷിച്ചുകൊണ്ടു്, മറിയം ക്ലാസദ്ധ്യാപകനയച്ച കത്തു് ഇപ്രകാരമാണു്.

"ബഹുമാനപ്പെട്ട സാർ ബോധിപ്പാൻ,

എൻെറ മകൻ ജോയിക്കുട്ടിക്കു് ഇന്നു ക്ലാസിൽ ഹാജരാകുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് അവനു് ദയവായി ഇന്നത്തേക്കു് അവധി നൽകണമെന്നു് അപേക്ഷിക്കുന്നു. അവനും അവൻെറ അച്ഛനുംകൂടി കാലത്തു് താങ്കൾ ഗൃഹപാഠമായി നൽകിയ കണക്കിൻെറ ഉത്തരം കണ്ടുപിടിക്കുന്നതിനു് പാടത്തേക്കു പോയിരിക്കയാണു്. കണക്കു് ഇങ്ങനെയാണു്: മണിക്കൂറൊന്നിനു് $2\frac{1}{2}$ മൈൽ വേഗതയിൽ നടക്കുന്ന ഒരു പുരുഷനു് $3\frac{1}{4}$ മൈൽ വശമുള്ള ഒരു സമചതുര വയൽ $1\frac{1}{8}$ പ്രാവശ്യം ചുറ്റുന്നതിനെത്ര സമയംവേണം?

എനിക്കൊരപേക്ഷകൂടിയുണ്ടു്. ജോയിയുടെ അച്ഛനു് ബാങ്കിൽ പിടിപ്പതു ജോലിയുള്ളതിനാൽ ഈ വക കാര്യങ്ങൾക്കു സമയം തീരെ കിട്ടുകയില്ല. എനിക്കാണെങ്കിൽ വീട്ടുജോലികളല്ലാതെ മറ്റു ജോലികളൊന്നുമില്ല. അതുകൊണ്ടു് മേലിലെങ്കിലും ഞങ്ങളെ (സ്ത്രീകളെ) സംബന്ധിക്കുന്ന കണക്കുകൾ ഗൃഹപാഠമായി നൽകുന്നതു് എനിക്കും ജോയിയുടെ അച്ഛനും കൂടുതൽ സൗകര്യമായിരിക്കും.

എന്നു്, എത്രയും ബഹുമാനപൂർവ്വം, മറിയം (ഒപ്പു്)

പുസ്തകാഭിപ്രായം

1. അക്ഷരശോധിനി.

ഗ്രന്ഥകർത്താവു്:
എം. രാമകൃഷ്ണൻനായർ, M. A., L. T.
ലക്ചറർ,
ട്രെയിനിംഗ് കോളേജ്, തിരുവനന്തപുരം.

വില രൂപാ രണ്ടു്.

പ്രൈമറി ക്ലാസ്സുകളിലെ കുട്ടികൾ അക്ഷരവീഴ്ച വരുത്തുന്നതു സ്വാഭാവികമാണു്. അതു് കുറെയൊക്കെ സഹിക്കാം. എന്നാൽ ഹൈസ്കൂളുകളിലും, കോളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾ അക്ഷരവീഴ്ച വരുത്തിയാലോ? 'ജൃഷ്ണൻ' 'തലസ്ഥാനം' മുതലായ സാധാരണ വാക്കുകൾപോലും തെറ്റിച്ചെഴുതിയാലോ? അതു് തികച്ചും അസഹനീയമാണു്.

അദ്ധ്യാപകരുടെ ശ്രദ്ധക്കുറവാണു് ഇത്തരം വീഴ്ചകൾക്കു കാരണമെന്നു പറയുന്നവരുണ്ടു്. ശിശുവിദ്യാർത്ഥികളുടെ എണ്ണം ക്രമത്തിലധികം കൂടുന്നതിനാൽ അദ്ധ്യാപകർക്കു് വേണ്ടതുപോലെ ശ്രദ്ധിക്കാൻ സമയം കിട്ടുന്നില്ലെന്നുള്ളതു് ഒരു മുഖ്യകാരണമായി ചിലർ ചൂണ്ടിക്കാണിക്കുന്നു. ആലോചിച്ചു നോക്കിയാൽ മറ്റു കാരണങ്ങളും കണ്ടുപിടിക്കാൻ കഴിയും.

കുരുന്നിലേ നുള്ളിക്കളയേണ്ടതാണു് ഇത്തരം അക്ഷരവീഴ്ച. എന്നാൽ ഇക്കാര്യത്തിൽ ഗണ്യമായ പരിശ്രമം ആരുംതന്നെ ഇതിനുമുമ്പു് നടത്തിയിട്ടുള്ളതായി അറിയുന്നില്ല.

ഗൗരവമേറിയ ഈ ദോഷം പരിഹരിക്കുന്നതിനുവേണ്ടിയുള്ള ശാസ്ത്രീയമായ ആദ്യത്തെ പ്രയത്നമാണു് ശ്രീ രാമകൃഷ്ണൻനായർ ചെയ്തിരിക്കുന്നതു്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും, ഒന്നാം ക്ലാസ്സു മുതൽ ആറാംഫാറം വരെയുള്ള വിദ്യാർത്ഥികളുടെ അനേകകൊല്ലത്തെ കാമ്പോസിഷൻ നോട്ടുബുക്കുകളും ഉത്തരക്കടലാസ്സുകളുംമറ്റും അദ്ദേഹം അവധാനപൂർവ്വം പരിശോധിച്ചിരിക്കുന്നു. അതിന്റെ ഫലമായി, വിദ്യാർത്ഥികൾ സാധാരണമായി തെറ്റിക്കുന്ന വാക്കുകൾ ഏതെല്ലാമാണെന്നും, അവർ വരുത്തുന്ന വീഴ്ചകൾ എന്തെല്ലാമാണെന്നും അദ്ദേഹം കണ്ടുപിടിച്ചിട്ടുണ്ടു്. ആ വാക്കുകളിൽനിന്നും, നല്ലൊരു തെരഞ്ഞെടുപ്പു നടത്തിയിട്ടു് അദ്ദേഹം ഒരു പട്ടിക തയാറാക്കിയിരിക്കുകയാണു്. സംഭാഷണത്തിലല്ല, എഴുത്തിലും ഉപയോഗിക്കുന്ന പ്രധാനപ്പെട്ട വാക്കുകളാണു് ഈ പട്ടികയിൽ കാണുന്നതെന്നുള്ളതും പ്രസ്താവയോഗ്യമത്രെ.

വലിയ ഡ്രായിങ്ങ് കടലാസ്സിൽ വലിയ അക്ഷരത്തിലാണു് ഓരോ വാക്കും അച്ചടിച്ചിരിക്കുന്നതു്. കുട്ടികൾ തെറ്റിക്കുന്ന അക്ഷരങ്ങളെ ചുവന്ന മഷിയിൽ അടയാളപ്പെടുത്തുക കൂടി ചെയ്തിട്ടുണ്ടു്. ചുവരിൽ തൂക്കിയിട്ടിരുന്നാൽ, ഇരുപതോ മുപ്പതോ അടി ദൂരെ നിന്നാലും ഈ വാക്കുകൾ നിഷ്പ്രയാസം വായിക്കാൻ കഴിയും. പതിവായി കാണുന്നതുകൊണ്ടു്, ഇവ ശരിയായിട്ടെഴുതുന്നതു് എങ്ങനെയെന്നു് ശ്രമം കൂടാതെ കുട്ടികൾ മനസ്സിലാക്കിക്കൊള്ളും.

ഈ അക്ഷരശോധിനി ഓരോ സ്കൂളിനും മാത്രമല്ല കൊച്ചുകുട്ടികളും ഉള്ള ഓരോ ഭവനത്തിനും അനുപേക്ഷണീയമാണു്. കുഞ്ഞുങ്ങളുടെ കണ്ണുതെളിക്കാൻ അശ്രാന്തപരിശ്രമം ചെയ്യുന്ന വിജയശ്രീലാളിതനായിരിക്കുന്ന ശ്രീ. രാമകൃഷ്ണൻ നായർ കേരളീയരുടെ പരിപൂർണ്ണമായ അഭിനന്ദനം അർഹിക്കുന്നു.

എം. പി. അപ്പൻ.

---

2. ജീവദ്ഗണിതം.

(മൂന്നാം ഫാറത്തിലേക്കു്)

വില രൂപാ ഒന്നു്

ഗ്രന്ഥകർത്താവു്:
കെ. ജി. ശിവശങ്കരൻനായർ M. A., M. Ed.
ലക്ചറർ
ട്രെയിനിംഗ് കോളേജ്, തിരുവനന്തപുരം.

പ്രസാധകർ:
വിദ്യാവിലാസിനി ബുക്ക്ഡിപ്പോ,
തിരുവനന്തപുരം.

വിദ്യാർത്ഥികളിൽ പലരും ഏറ്റവും ഭയപ്പെടുകയും വെറുക്കുകയും ചെയ്യുന്ന ഒരു പാഠ്യവിഷയമാണു് ഗണിതം. ആ ശാസ്ത്രംവേണ്ടതുപോലെ ഗ്രഹിക്കാൻ സവിശേഷമായ ബുദ്ധിശക്തിയുള്ളവർക്കു മാത്രമേ സാദ്ധ്യമാവുകയുള്ളു എന്നു വിചാരിക്കുന്ന ആളുകളും ദുർല്ലഭമല്ല. എന്നാൽ പ്രാമാണികന്മാരായ വിദ്യാഭ്യാസവിദഗ്ദ്ധന്മാർ നടത്തിയിട്ടുള്ള പരീക്ഷണങ്ങളിൽനിന്നു് വെളിപ്പെട്ടിട്ടുള്ളതു്, ഗണിതശാസ്ത്രം പഠിക്കാൻ പ്രത്യേകമായ ബുദ്ധിശക്തി വേണമെന്നില്ലെന്നാണു്. എന്നുവച്ചാൽ ഇതരവിഷയങ്ങൾ ഗ്രഹിക്കാൻ ബുദ്ധിശക്തിയുള്ളവർക്കു് ഗണിതശാസ്ത്രവും ഗ്രഹിക്കാൻ കഴിയും. എന്നാൽ വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും ഗണിതശാസ്ത്രത്തെ വെറുക്കുന്നതായിട്ടാണല്ലോ കണ്ടുവരുന്നതു്. അതിനു് കാരണം ഉണ്ടു്.

സകലതിനും അദ്ധ്യാപകന്മാരെ മാത്രം കുറ്റം പറഞ്ഞതുകൊണ്ടായില്ല. ദൈനംദിനജീവിതത്തിൽ യാതൊരു പ്രയോജനവും ഇല്ലാത്തതും, അതിശ്രഷ്കവുമായ പലതും കുട്ടികളുടെ തലയിൽ അടിച്ചേൽപ്പിക്കയാണു് പതിവു്. പ്രയോജനമുള്ള കാര്യങ്ങൾപോലും വേണ്ടരീതിയിൽ പഠിപ്പിക്കാൻ ഉപകരിക്കുന്ന പാഠ്യപുസ്തകങ്ങളും അതിദുർല്ലഭമത്രെ. പ്രായോഗിക ജീവിതത്തിൽ പ്രാധാന്യം ഇല്ലാത്തവയെ പാഠപദ്ധതിയിൽനിന്നു മാറ്റുകയും, സമഞ്ജസങ്ങളായ പാഠ്യപുസ്തകങ്ങൾ നിർമ്മിക്കുകയും ചെയ്താൽ, ഗണിതശാസ്ത്രം രസാവഹമായും സഫലമായും പഠിപ്പിക്കാൻ കഴിയുന്നതാണു്.

ശ്രീ. കെ. ജി. ശിവശങ്കരൻ നായരുടെ പുസ്തകത്തിന്റെ പേരാണു് ഇത്രയും എഴുതാൻ പ്രേരിപ്പിച്ചതു്. നിലവിലിരിക്കുന്ന ഗണിതപാഠ്യപുസ്തകങ്ങളുടേയും, ഗണിതശാസ്ത്രാധ്യാപന സമ്പ്രദായത്തിന്റേയും അപര്യാപ്തത നല്ലതുപോലെ മനസ്സിലാക്കിയിട്ടു് അവയ്ക്കു് പരിഹാരം കണ്ടുപിടിക്കാൻ അദ്ദേഹം ശ്രമിച്ചിരിക്കുകയാണു്.

മൂന്നാം ഫാറത്തിലെ പാഠപദ്ധതിയിൽ ഉൾപ്പെട്ട വിസ്തീർണ്ണത, ശതമാനം, ഡിസ്കൗണ്ടു്, കമ്മിഷൻ, ലാഭവും നഷ്ടവും പലിശ, ആദായനികുതി, വ്യാപ്തം മുതലായ വിഷയങ്ങളെ പ്രയോഗിക ജീവിതവുമായി

വേണ്ടതുപോലെ പൊരുത്തപ്പെട്ടുത്തിയിട്ടാണു് അദ്ദേഹം പുസ്തകം രചിച്ചിരിക്കുന്നതു്. വിദ്യാർത്ഥികളുടെ അദ്ധ്യാപകൻ എന്ന നിലയിലും, അദ്ധ്യാപകന്മാരുടെ അദ്ധ്യാപകൻ എന്ന നിലയിലും, അദ്ദേഹത്തിനു ലഭിച്ചിട്ടുള്ള ഗണനീയമായ പരിചയസമ്പത്തു് ഈ ഗ്രന്ഥത്തിന്റെ നിർമ്മിതിയിൽ വളരെ പ്രയോജനപ്പെട്ടിട്ടുണ്ടു്.

ഒരോ വിഷയവും ലളിതമായും ആകർഷകമായും ഈ ഗ്രന്ഥത്തിൽ അവതരിപ്പിച്ചിരിക്കുന്നു. ലഘുവായ ഉദാഹരണങ്ങളിൽ തുടങ്ങി ക്രമേണ പ്രയാസമുള്ള കണക്കുകളിലേക്കു് വിദ്യാർത്ഥികളെ നയിക്കുക എന്ന സമ്പ്രദായമാണു് മിസ്റ്റർ നായർ സ്വീകരിച്ചിട്ടുള്ളതു്. സാമാന്യം ബുദ്ധിശക്തിയുള്ള ഒരു വിദ്യാർത്ഥിക്കു് പരസഹായം കൂടാതെ പഠിക്കാൻ കഴിയുന്ന രീതിയിലാണു് ഗ്രന്ഥം നിബന്ധിച്ചിട്ടുള്ളതെന്നുപറയാം. വിദ്യാർത്ഥികൾക്കും അദ്ധ്യാപകന്മാർക്കും ഒരുപോലെ ഉതകുന്ന ഈ ഗ്രന്ഥം നിർമ്മിക്കുന്നതിൽ മിസ്റ്റർ നായർ ചെയ്തിട്ടുള്ള പരിശ്രമം മുക്തകണ്ഠമായ പ്രശംസയെ അർഹിക്കുന്നുണ്ടു്.

ഒന്നുരണ്ടു പ്രയോഗങ്ങളെക്കുറിച്ചു് രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. 'വിസ്തീർണ്ണം' എന്നു പറഞ്ഞാൽ എന്താണെന്നു് എല്ലാപേർക്കും മനസ്സിലാകും. എന്നാൽ 'വിസ്തീർണ്ണത' യാണു ശരി. വിസ്തീർണ്ണം (വിസ്താരമുള്ളതു്) വിശേഷണവും വിസ്തീർണ്ണത നാമവും ആണല്ലോ. Area എന്ന അർത്ഥത്തിൽ 'വിസ്തീർണ്ണം' എന്നു സർവ്വസാധാരണമായി പ്രയോഗിക്കുന്നുണ്ടെന്നുള്ളതു വാസ്തവംതന്നെ. എങ്കിലും 'വിസ്തീർണ്ണത' എന്നു പ്രയോഗിക്കുന്നതാണുചിതം. അതുപോലെതന്നെ 'Profit and Loss' എന്നതിനു് 'ലാഭനഷ്ടം' എന്നതിനേക്കാൾ 'ലാഭവും നഷ്ടവും' എന്നോ 'ലാഭനഷ്ടങ്ങൾ' എന്നോ പറയുന്നതാണു സ്വീകാര്യം. ഇങ്ങനെ ഒന്നുരണ്ടു പ്രയോഗങ്ങൾ ഉണ്ടെന്നുള്ളതു് ഒരു വിധത്തിലും ഈ ഗ്രന്ഥത്തിന്റെ മാറ്റു കുറയ്ക്കുന്നില്ല. ഒരു ശാസ്ത്രഗ്രന്ഥത്തിൽ പ്രയോഗിക്കുന്ന പദങ്ങൾ സർവ്വഥാ സ്വീകാര്യമായിരിക്കണമെന്നുള്ളതുകൊണ്ടു് ഇതുയും ചൂണ്ടിക്കാണിച്ചുവെന്നേയുള്ളൂ.

ജിവദ് ഗണിതത്തിനു പ്രചുരമായ പ്രചാരം ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നുള്ളതുതന്നെ അതിന്റെ ഗുണോത്കർഷത്തിനു തെളിവാണല്ലോ.

എം. പി. അപ്പൻ.

പോസ്റ്റൽ രജിസ്ട്രേഷൻ ലഭിക്കുന്നതിൽ നേരിട്ട കാലവിളംബംമൂലം 5-ം 6-ം ലക്കങ്ങൾ ഒറ്റ പുസ്തകമായി ഇതുയും വൈകിപ്രസിദ്ധപ്പെടുത്താൻ ഇടയായതിൽ മാന്യവരിക്കാർ സദയം ക്ഷമിക്കണമെന്നഭ്യർത്ഥിക്കുന്നു. മേൽ ലക്കങ്ങൾ അതാതു മാസം 25-ാംനു-തന്നെ പ്രസിദ്ധീകരിക്കുന്നതിനു് ശ്രമിക്കുന്നതാണു്. ലേഖനങ്ങളും, വരിസംഖ്യയും, മാസികയെ സംബന്ധിക്കുന്ന മറ്റു കാര്യങ്ങളും പത്രാധിപർ, പ്രോഗ്രസ്, ഹരിപ്പാടു് എന്ന വിലാസത്തിൽ അയക്കാനപേക്ഷ.

പത്രാധിപർ.

സംശയം ചോദിക്കാം

[സംഘടനാപരമായ സംശയങ്ങൾ ചോദിക്കാം. സംഘടനയുടെ ജനറൽ സെക്രട്ടറി അതിനു മറുപടി നൽകുന്നതിനു ശ്രമിക്കുന്നതാണ്. ചോദ്യങ്ങൾ 10-ാംതീയതിക്കു മുമ്പു് കിട്ടത്തക്കവണ്ണം ജനറൽ സെക്രട്ടറിക്കു് അയച്ചുകൊടുക്കേണ്ടതാണ്]. (പത്രാധിപർ)

ഓണത്തിൻമുൻപു് എല്ലാ താലൂകളിലേയും ഗവണ്മെൻറു് ജീവനക്കാർക്കു് കുടിശ്ശിക സഹിതം ശമ്പളം നല്കപ്പെട്ടിട്ടും ഗ്രാഡുവേറദ്ധ്യാപകർ മാത്രം അവഗണിക്കപ്പെടുകയാണു് ചെയ്തതു്. താങ്കൾ നിവേദനം നടത്തിയെന്നു് പത്രത്തിൽ കണ്ടു. ഫലമെന്തായി?

(വി. കെ നാരായണപിള്ള, പെരുമ്പാവൂർ)

എല്ലാക്കയ്യങ്ങളിലുമെന്നപോലെ ഇക്കാര്യത്തിലും ഗ്രാഡുവേറു് അദ്ധ്യാപകർ വിഗണിക്കപ്പെട്ടുവെന്നേയുള്ള. ഇതൊരു പുതുമയായി എനിക്കുതോന്നുന്നില്ല. നിവേദനമാണല്ലോ നമ്മുടെ നിയമനസ്ഥമായ പ്രവത്തനപന്ഥാവു്. അതിനാൽ ഇക്കാര്യത്തിലും ഒരു നിവേദനം നടത്തി. കീഴ്വഴക്കമനുസരിച്ചു് അനുഭാവപൂർവ്വമായ മറുപടിയും ലഭിച്ചു. എന്തെന്നാൽ, പരിഷ്കരിച്ച ഗ്രേഡുകളിൽ കൊച്ചിയിലേയും തിരുവിതാംകൂറിലേയും അദ്ധ്യാപകർ തമ്മിൽ ഏതംശബന്ധത്തിൽവേണം നിയമനംനടത്തേണ്ടതു് എന്ന പ്രശ്നത്തിനു് തീരുമാനമുണ്ടാകാനുള്ള താമസമാണു് എന്നു്. ഈ ലക്കത്തിൽ അന്യത്ര ചേത്തിരിക്കുന്ന, അസോസിയേഷൻ പ്രസിഡൻറു് ഗവണ്മെൻറിലേക്കു് സമർപ്പിച്ച നിവേദനം വായിച്ചാൽ കാര്യം കൂടുതൽ വ്യക്തമാകും.

* * *

പേക്കമ്മീഷൻറെ റിപ്പോർട്ടു് സമർപ്പിച്ചുകഴിഞ്ഞല്ലോ. നമുക്കു് എന്തെങ്കിലും ഗുണമുണ്ടാകുമോ?

(ഗംഗാധരപ്പണിക്കർ, അമ്പലപ്പുഴ)

റിപ്പോർട്ടു് പ്രസിദ്ധീകരിക്കാതെ അതേപ്പറ്റി പറയുവാൻ സാദ്ധ്യമല്ല. എങ്കിലും റിപ്പോർട്ടിലെ ചില ഭാഗങ്ങൾ പത്രത്തിൽ വരികയും അതു് ബഹു: ഗവമ്മെൻറു് നിരാകരിക്കാതിരിക്കുകയും ചെയ്തിരിക്കുന്നതിനാൽ, അവ യാഥാത്ഥ്യങ്ങളായിരിക്കാനിടയുണ്ടു്. പത്രറിപ്പോർട്ടുകളിൽ നമുക്കു്, ഗ്രാഡുവേറദ്ധ്യാപകക്കു്, സന്തോഷിക്കുവാൻ തക്കവണ്ണം യാതൊന്നും കാണുന്നില്ല. രണ്ടാം പഞ്ചവത്സര പദ്ധതിയിൽ, ഗ്രാഡുവേറു് അദ്ധ്യാപകരുടെ ശമ്പളം ഉയത്തുന്നതിനു് വേണ്ടതു ചെയ്യണമെന്നു് പേക്കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്ന വാത്ത നിങ്ങളും വായിച്ചിരിക്കുമല്ലോ. പുതിയ ശമ്പള സ്കെയിലിലെ ദൂഷ്യങ്ങളും ന്യൂനതകളും കണ്ടുപിടിക്കുന്നതിനും, അവയ്ക്കു വേണ്ട പരിഹാരമാർഗ്ഗങ്ങൾ നിദ്ദേശിക്കുന്നതിനും നിയോഗിക്കപ്പെട്ട പേക്കമ്മീഷൻ, പഞ്ചവത്സര പദ്ധതിയിലേക്കു് ശുപാർശകൾ നല്കുന്നതിൻറെ പൊരുൾ മനസ്സിലാകുന്നില്ല. എന്തായാലും ശുഭാപ്തി വിശ്വാസിയായ പണിക്കക്കു് എല്ലാം ശുഭമായി പര്യവസാനിക്കുമെന്നു് സമാശ്വസിക്കാം.

* * *

പുതിയ പദ്ധതിയനുസരിച്ചു് തിരുവിതാംകൂറിലും കൊച്ചിയിലും ഒന്നാം ഗ്രേഡിൽ എത്ര പോസ്റ്റുകൾ വീതം കാണും?

(സി. ജി. തോമസ്സു്, അട്ടൂർ)

ആകെ ഒന്നാം ഗ്രേഡിൽ 390 പോസ്റ്റുകളുണ്ട്. പഴയ സ്കെയിലനുസരിച്ച് ഉയർന്ന ഗ്രേഡുകളിൽ (ഒന്നും രണ്ടും ഗ്രേഡുകളിൽ) 397 പോസ്റ്റുകളുണ്ടായിരുന്നു. ആകെയുള്ള പോസ്റ്റുകളിൽ 85:48 എന്ന അനുപാതികത്തിൽ നിയമനം നടത്തുമ്പോൾ യഥാക്രമം 249-ം 141-ം വീതം പോസ്റ്റുകളാണ് തിരുവിതാംകൂറിലും കൊച്ചിയിലുമുണ്ടാകുന്നത്. തന്മൂലം തിരുവിതാംകൂറിൽ 125-175 സ്കെയിലിൽ ഇന്നിരിക്കുന്ന 4 പേരും കൊച്ചിയിൽ അതേ സ്കെയിലിൽ ജോലിനോക്കുന്ന 3 പേരും താഴ്ന്ന ഗ്രേഡായ 50-150ലേക്ക് തരം താഴ്ത്തപ്പെടും.

* * *

നമ്മുടെ സംഘടന നിവേദനങ്ങൾ ധാരാളം നടത്തുന്നല്ലൊ. അവകാശങ്ങൾ ഇനിയുമുണ്ടോ?

ശ്രീധരക്കണിയാർ (വൈയ്ക്കം.)

അവശതകൾ ഉണ്ടോയെന്ന് ചോദിക്കാഞ്ഞതു ഭാഗ്യം. ഏതായാലും നിവേദനം കൊടുത്തു മതിയായി. നിവേദനം സമർപ്പിച്ചപ്പോൾ അവകാശങ്ങൾ എന്തെല്ലാം ആവശ്യപ്പെട്ടുവോ അതെല്ലാമിന്നും അതുപോലെ ശേഷിക്കുന്നു.

* * *

അടുത്ത പടിയെന്തൊണെന്ന് ഒന്ന് പറയാമോ സെക്രട്ടറിസാറേ?

വി. വർഗ്ഗീസ് (ആലാ.)

മി: വർഗ്ഗീസ് കോപിക്കാതിരിക്കണം. വ്യക്തിപരമായി എന്നോട് ചോദിച്ചാൽ ഞാൻ പറയുന്നതു ഇങ്ങനെ നിവേദനം കൊണ്ടു കഴിയാനാണെങ്കിൽ ഈ സംഘടനകൊണ്ടു പ്രയോജനമില്ലെന്നാണ്. സെക്രട്ടറിയെന്നുള്ള നിലയിൽ അടുത്ത പടിയെപ്പറ്റി ചോദിച്ചാൽ അടുത്തുകൂടുന്ന പ്രതിനിധിസമ്മേളനത്തിൽവച്ച് തീരുമാനിക്കാമെന്നു പറയും.

* * *

അടുത്തകാലത്തു ചെങ്കോട്ടയിൽവച്ചു നടന്ന ഹെഡ്മാസ്റ്റേഴ്സ് സെമിനാറിൽ അദ്ധ്യാപകസംഘടനകളെപ്പറ്റിയും അജൻഡായിൽ ഉൾപ്പെടുത്തിയിരിക്കുന്നതായി കണ്ടു. ഇതുവരെക്കും സെമിനാറിന്റെ റിപ്പോർട്ട് പുറത്തുവന്നിട്ടില്ല. ചർച്ചകളുടെ വിശദാംശങ്ങളും രഹസ്യമായി സൂക്ഷിക്കുന്നതിനാണോ ഭാവം?

പി. ഭാസ്കരൻപിള്ള

വിദ്യാഭ്യാസപരമായ കാൺഫ്രൻസുകളുടേയും കമ്മറ്റികളുടേയും ചർച്ചകളും തീരുമാനങ്ങളും രഹസ്യമായി സൂക്ഷിക്കുന്നതു വെറും മൗഢ്യമല്ലേ? തീർച്ചയായും സെമിനാറിന്റെ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുമെന്നാണ് എന്റെ വിശ്വാസം. പക്ഷേ കുറച്ചു കാലതാമസം നേരിട്ടേക്കാം. സംഘടനകളെപ്പറ്റിയും ചർച്ച നടന്നതായി അതിൽ സംബന്ധിച്ച ഒരു വ്യക്തി എന്നോടുപറഞ്ഞു. എന്നാൽ അതു ഇന്ന നിലവിലുള്ള സംഘടനകളെപ്പറ്റിയല്ലന്ന മാത്രം. നമ്മുടെ സംഘടനകളെല്ലാം ശമ്പളം കൂട്ടിക്കിട്ടുന്നതിനുവേണ്ടിയുള്ള സംഘടനകളാണെന്നും വിദ്യാഭ്യാസവുമായി അവയ്ക്ക് യാതൊരു ബന്ധവുമില്ലെന്നുമാണ് അദ്ദേഹം പറഞ്ഞതു. സെമിനാറിൽ ചർച്ചക്ക് വിഷയീഭവിച്ച സംഘടന മോഡൽക്ലാസുകളും ക്രിട്ടിസിസം ക്ലാസ്സുകളും, വിദ്യാഭ്യാസ പ്രസംഗങ്ങളും നടത്തുന്നതിനു വേണ്ടിയുള്ള സംഘടനകളെപ്പറ്റിയായിരുന്നു. അതായതു "അദ്ധ്യാപകസംഘ"ങ്ങളെപ്പറ്റി. ഇതിൽ കൂടുതൽ വിവരങ്ങളൊന്നും എനിക്ക് ലഭിച്ചിട്ടില്ല, സെമിനാറിന്റെ റിപ്പോർട്ട് പുറത്തു വരുമ്പോൾ കൂടുതലായി അറിയാമല്ലോ.

വായനക്കാരെഴുതുന്നു

[പ്രസിദ്ധീകരണത്തിനയക്കുന്ന കത്തുകൾ കഴിയുന്നതും ചുരുങ്ങിയതും, കാര്യമാത്രപ്രസക്തമായതും ആയിരിക്കണം. വെള്ളക്കടലാസിൽ ഒരു വശം മാത്രം വൃത്തിയായി എഴുതിയിട്ടുള്ളതും പൂണ്ട മേൽവിലാസം ഉൾക്കൊള്ളുന്നതുമായ കത്തുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. കത്തുകളുടെ പ്രസിദ്ധീകരണം പത്രാധിപസമിതിയുടെ തീരുമാനത്തിനു വിധേയമായിരിക്കുന്നതാണ്].

പത്രാധിപർ

അനീതിക്കൊരുതിയില്ലേ?

വിദ്യാഭ്യാസപരിഷ്ക്കരണത്തിന്റെ നാന്ദിയെന്നോണം അടിസ്ഥാനവിദ്യാഭ്യാസം നാടാകെ നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കയാണല്ലൊ. അടിസ്ഥാനവിദ്യാഭ്യാസം മൂലം തൊഴിലില്ലായ്മ പാടെ ഉച്ചാടനം ചെയ്യപ്പെട്ടുമെന്നാണ് പൊതുവേയുള്ള ധാരണ. സാധാരണ ജനങ്ങൾ, അടിസ്ഥാനവിദ്യാഭ്യാസത്തേയും, അതു സാവ്വത്രികമാക്കുന്നതിലുള്ള ഭവിഷ്യത്തുകളേയും ശരിയായി പരിചിന്തനംചെയ്യാതെ, അജ്ഞതമൂലം മൌനമവലംബിച്ചിരിക്കയാണ്. ഏതാനും ചില ചിന്തകന്മാരും വിദ്യാഭ്യാസധുരന്ധരന്മാരും അടിസ്ഥാനവിദ്യാഭ്യാസം നിർബ്ബന്ധിതവും രാജ്യവ്യാപകവുമാക്കുന്നതിൽ വൈമുഖ്യം പ്രദർശിപ്പിച്ചിട്ടുള്ള കാര്യം വിസ്മരിക്കാവുന്നതല്ല. അടിസ്ഥാനവിദ്യാഭ്യാസവിഷയത്തിൽ വിരുദ്ധാഭിപ്രായങ്ങളും ഉള്ളപ്പോൾ; അതു് പൊട്ടെന്നു് സാർവ്വത്രികവും നിർബ്ബന്ധിതവുമാക്കാതെ, ഏതാനും ചില വിദ്യാലയങ്ങളിൽ മാത്രം നടപ്പാക്കി അതിന്റെ ഗുണദോഷങ്ങളും നന്മതിന്മകളും പരീക്ഷിച്ചറിയുകയല്ലേ പ്രാരംഭമായി ചെയ്യേണ്ടതു്?

അതങ്ങിനെയിരിക്കട്ടെ. അടിസ്ഥാനവിദ്യാഭ്യാസപരിശീലനം സിദ്ധിച്ച അദ്ധ്യാപകർക്കു് ഉയർന്ന ഗ്രേഡും ശമ്പളവും നൽകുവാൻ ഗവമ്മെൻറു് തീരുമാനിച്ചിരിക്കുന്നതായി പത്രറിപ്പോർട്ടുകൾ കണ്ടു. ഇതു് വാസ്തവമെങ്കിൽ ഇതിപ്പരമൊരന്യായമുണ്ടോ?

അടിസ്ഥാനവിദ്യാഭ്യാസപരിശീലനത്തിനു തയ്യാറുള്ളവരും ഗ്രഡേഷൻലിസ്റ്റിൽ സീനിയറുമായ അനേകം അദ്ധ്യാപകരുള്ളപ്പോൾ, അവരുടെ സമ്മതം ആരായാതെ ഏതാനും ചില വ്യക്തികളെ പരിശീലനത്തിനയച്ചു്, മറ്റുള്ളവരുടെ സീനിയോറിറ്റി അവഗണിച്ചുകൊണ്ടു്, അവർക്കു് ഉയർന്ന ഗ്രേഡും ശമ്പളവും നല്കുന്നതു് എന്തടിസ്ഥാനത്തിലാണു്? ഇതിൽ എന്തു ന്യായമാണുള്ളതു്? ഈ വിഷയത്തിൽ സംഘടനയുടെ ശ്രദ്ധ പതിഞ്ഞു കാണുന്നതിനും അക്രമത്തിനും അനീതിക്കും എതിരായി പ്രവർത്തിച്ചു കാണുന്നതിനും ആഗ്രഹിക്കുന്നു.

തിരുവനന്തപുരം,
15—9—'55.

രാഘവൻ നായർ.

ഒരു സാമ്പത്തിക തകർച്ച

സംഘടനയുടെ നിർദ്ദേശാനുസരണം T. T. C. പ്രാക്ടിക്കൽ പരീക്ഷയുടെ റെമ്യൂണറേഷൻ സ്റ്റേറ്റുമെൻറു് പരീക്ഷാ സൂപ്പർ

വൈസറന്മാർ സമർപ്പിക്കുകയുണ്ടായില്ല. മുൻനടപടികൾക്കു് വിരുദ്ധമായി, റെമ്യൂണറേഷൻ സ്റ്റേറ്റുമെൻറു് ക്ലാർത്തെതന്നെ അതതു സ്കൂളുകളിലെ ഹെഡ്മാസ്റ്ററന്മാർ, വെട്ടിക്കുറച്ച നിരക്കനുസരിച്ചു് പ്രതിഫലം വാങ്ങി വിതരണം ചെയ്തുതുടങ്ങിയിരിക്കയാണു്. സംഘടനയുടെ തീരുമാനത്തെ വകവയ്ക്കാതെ വെട്ടിക്കുറച്ച ഈ തുക ഇതിനകം ഏതാനുംപേർ വാങ്ങിയതായറിയുന്നു. ഇതു് ലജ്ജാവഹമല്ലേ!

ഗവണ്മെന്റിന്റെ ഇതര തുറകളിലെ ജീവനക്കാർക്കു് T. A, overtime allowance മുതലായവ വർദ്ധിപ്പിക്കുമ്പോൾ അദ്ധ്യാപകരുടെ കാര്യത്തിൽമാത്രം ഗവണ്മെന്റു് ഒരുമാതിരി ചിറ്റമ്മനയം പ്രകടിപ്പിക്കുന്നതു് തികച്ചും ലജ്ജാവഹമല്ലേ? ഗവണ്മെന്റിന്റെ ഈ നയത്തിൽ, അദ്ധ്യാപകരോടുള്ള മനോഭാവത്തിൽ, പ്രതിഷേധിക്കുന്നതിനുവേണ്ടിയാണു്, വെട്ടിക്കുറച്ച പ്രതിഫലം തിരസ്കരിക്കുന്നതിനും വേണ്ടിവന്നാൽ ഓണറിയായി T. T. C സൂപ്പർവിഷൻ നടത്തുന്നതിനും സംഘടന തീരുമാനിച്ചതു്. പ്രതിഫലം കുറക്കാൻ ഗവണ്മെൻറു് നിർബ്ബന്ധിതമായതു് നമ്മുടെ കൊച്ചു സംസ്ഥാനത്തിന്റെ സാമ്പത്തികത്തകർച്ചമൂലമാണെന്നാണു് ഭരണാധിപന്മാർ പറയുന്നതു്. അദ്ധ്യാപകരുടെ കാര്യത്തിൽ മാത്രമേ ഈ സമ്പത്തികത്തകർച്ച ഉണ്ടാകാറുള്ളോ? സെക്രട്ടറിയേറ്റിൽ ഓരോ മുറിയിലും ഓരോ വൈദ്യുതഘടികാരം വീതം സ്ഥാപിക്കുന്നതിനു് 30000 രൂ. അനുവദിക്കാൻ സാമ്പത്തികത്തകർച്ച പ്രതിബന്ധമായിരുന്നില്ലേ? ശിശുകേന്ദ്രം, വനിതാവികസനകേന്ദ്രം, ബാലശുശ്രൂഷാകേന്ദ്രം, തുടങ്ങി വിവിധപേരുകളിൽ നാമമാത്രമായി മാത്രം പ്രവർത്തിച്ചുവരുന്ന—പലതിലും പ്രവർത്തനം പൂജ്യമാണു്—നാമമാത്രങ്ങളായ കേന്ദ്രങ്ങൾക്കു് നിർല്ലോഭം ഗ്രാന്റുകളും സംഭാവനകളും നൽകുന്നതിനു് സാമ്പത്തികത്തകർച്ച വിഘ്നമാകാറില്ലേ?

അദ്ധ്യാപകന്റെ കായ്ക്കുത്തിൽ മാത്രം ഫണമുയർത്തി ഭീഷണിപ്പെടുത്തുന്ന ഈ പ്രത്യേകതരം സാമ്പത്തിക തകർച്ചയെ തകർത്തു് തരിപ്പണമാക്കി, സംസ്ഥാനത്തെയും അദ്ധ്യാപകരേയും രക്ഷിക്കുന്നതിനു", ഒരു പദ്ധതി —പഞ്ചവത്സരമോ, ത്രിവത്സരമോ സൗകര്യംപോലെ ആകാം — ആസൂത്രണം ചെയ്തു് പ്രവർത്തിപഥത്തിൽ കൊണ്ടുവരേണ്ടതു് സംഘടനയുടെ കടമ മാത്രമാണു്.

കോട്ടയം,
4—9—'55

പി. ജി. പിള്ള.

ഈ പരിപാടി ഒന്നുപേക്ഷിക്കുമോ?

ഏതാനും മാസങ്ങൾക്കുള്ളിൽ നമ്മുടെ സംഘടന പ്രത്യേകമായും, ഫെഡറേഷൻ മുഖാന്തിരമായും നിരവധി മെമ്മൊറാണ്ടങ്ങളും നിവേദനങ്ങളും ഗവണ്മെൻറിലേക്കു് നടത്തിയതായി ശുഭാപ്തിവിശ്വാസിയായ ഫെഡറേഷൻ പ്രസിഡൻറിന്റെ പ്രസ്താവനകളിൽ കാണുന്നതിനു് ഇടയായി. ഇവയിൽ എത്രയെണ്ണത്തിനു് മറുപടി ലഭിച്ചു? ഈ നിവേദനങ്ങളും മെമ്മൊറാണ്ടങ്ങളും ഒരു മറുപടിക്കുപോലും അർഹങ്ങളല്ലെന്നാണോ ഗവണ്മെൻറു് കരുതുന്നതു്. അങ്ങനെയാണെങ്കിൽ വീണ്ടുംവീണ്ടും നിവേദനം നടത്തുന്നതും മെമ്മൊറാണ്ടം സമർപ്പിക്കുന്നതും നമുക്കും നമ്മുടെ സംഘടനക്കും ലജ്ജാവഹമല്ലേ? അതുകൊണ്ടു് ഭയപ്പായി നിവേദന

സംഘടനാ പ്രവർത്തനങ്ങൾ

കൊട്ടാരക്കര

കൊട്ടാരക്കര ഗവൺമെൻറ് ഹൈസ്കൂളിലെ ഗ്രാഡുവേറ്റദ്ധ്യാപകരുടെ ഒരു യോഗം 20-7-55ൽ പകൽ 4-30ന് ഹെഡ് മാസ്റ്റർ ശ്രീ. ജോൺ എം. ജോണിൻെറ അദ്ധ്യക്ഷതയിൽ ചേരുകയും ഗ്രാഡുവേറ്റദ്ധ്യാപകരെ സംബന്ധിച്ച അടിയന്തിരപ്രശ്നങ്ങൾ ചർച്ച ചെയ്കയുംചെയ്തു. യൂണിറ്റു പ്രതിനിധി ശ്രീ. പി. പ്രഭാകരൻെറ സ്ഥലംമാറ്റത്തെ തുടർന്നുണ്ടായ ഒഴിവിൽ ശ്രീമതി കെ. സുശീലക്കുട്ടിയമ്മയെ ഐകകണ്ഠ്യേന യൂണിറ്റു പ്രതിനിധിയായി തെരഞ്ഞെടുത്തു. തുടൻ സംഘടനയുടെ ജനറൽസെക്രട്ടറി 6/55-ാംനമ്പരായി പുറപ്പെടുവിച്ച സർക്കുലർ യൂണിറ്റു പ്രതിനിധി അംഗങ്ങളെ വായിച്ചുകേൾപ്പിച്ചു. സംഘടനയുടെ പ്രവർത്തനത്തിന് കഴിവുള്ള എല്ലാ സഹായസഹകരണവും നല്കുമെന്ന് ഓരോരുത്തരും ഉറപ്പു നൽകുകയുണ്ടായി. യോഗം 5-30ന് പര്യവസാനിച്ചു.

കായംകുളം

കായംകുളം ഗ്രൂപ്പിലുൾപ്പെട്ട വിവിധ യൂണിറ്റുകളിലെ ഗ്രാഡുവേറ്റദ്ധ്യാപക പ്രതിനിധികൾ 13-8-55ൽ സ്ഥലം ഗവൺമെൻറ് ഹൈസ്കൂളിൽ പ്രസിഡൻറ് ശ്രീ: പി. റ്റി. മാത്യു അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗംചേർന്നു. ബേസിക് ട്രെയിനിംഗിന് തെരഞ്ഞെടുത്തയച്ച ഗ്രൂപ്പു സെക്രട്ടറി ശ്രീ. രാമൻപിള്ളക്കു പകരം ശ്രീ: എൻ. എം. ജേക്കബിനെ ഐകകണ്ഠ്യേന തെരഞ്ഞെടുത്തു. അദ്ധ്യാപകക്കു നേരിടേണ്ടി വരുന്ന വിവിധ പ്രശ്നങ്ങളെപ്പറ്റി ചർച്ച ചെയ്തശേഷം താഴെ പറയുന്ന പ്രമേയങ്ങൾ അംഗീകരിക്കയുണ്ടായി.

ങ്ങളിലും മെമ്മൊറാണ്ടങ്ങളിലും ക്രൂടിയുള്ള അവകാശസമ്പാദനപദ്ധതി സംഘടന ഒന്നപേക്ഷിക്കുമോ?

മറെറാരു കാര്യംകൂടി. പ്രമേയങ്ങൾ പാസ്സാക്കുന്ന കാര്യവും. കുറച്ചു കടന്നുപോകുന്നില്ലേ എന്നൊരു സംശയം. അവിശ്വാസപ്രമേയത്തെപ്പോലും സാരമാക്കാതെ അതിനെ നേരിടുന്നതിന് എന്തു മാർഗ്ഗവും അവലംബിക്കാൻ സന്നദ്ധതയുള്ള അധികാരികൾക്കു നമ്മുടെ ഈ പ്രമേയങ്ങൾ വെറും പുഷ്പാർച്ചനകൾ മാത്രമല്ലേ? അതുകൊണ്ട്, ഇരുട്ടുമുറികളിലിരുന്ന് വ്യർത്ഥങ്ങളായ പ്രമേയങ്ങളെ അവഗാഢം പരിചിന്തനംചെയ്ത് അവ പാസ്സാക്കി നിർദ്ദിഷ്ടസ്ഥാനങ്ങളിലയച്ചുകൊടുക്കുന്ന ആ പഴയ, നിഷ്ഫലവും നിരർത്ഥകവുമായ ചടങ്ങ് ഒന്നവസാനിപ്പിച്ചു്, പൊതുരംഗത്തിറങ്ങി, ഈ നൂറാണ്ടിനനുചിതമായ മാർഗ്ഗങ്ങളിൽ ക്രൂടി മുൻപോട്ടു പോകുന്നതിന് അദ്ധ്യാപകരോടും അവക്ക് ധൈര്യമായ നേതൃത്വം നൽകുന്നതിന് സംഘടനാപ്രവർത്തകരോടും എനിക്കൊരെളിയ അഭ്യർത്ഥനയുണ്ട്.

കൊല്ലം,
29—8—'55.

പി. ജി. എൻ.

1. സംഘടനയുടെ സാമ്പത്തികസ്ഥിതി ഉയർത്തുന്നതിനു് പ്രവർത്തകസമിതി ആസൂത്രണംചെയ്ത സ്പെഷ്യൽ ഫണ്ടു് പിരിവു് ഉടനടി ഉയർന്ന തോതിൽ നടപ്പാക്കുക.

2. സംഘടനയുടെ സാമ്പത്തികപരാധീനത മാസികയുടെ പ്രവർത്തനത്തിനു് തടസ്സമാകാതെയിരിക്കുന്നതിനു് ഒരു കൊല്ലത്തെയെങ്കിലും വരിസംഖ്യ അഡ്വാൻസായി നൽകുക.

3. കായംകുളം ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ വിപുലമായ പരിപാടികളോടുകൂടി ഒരു വിദ്യാഭ്യാസസമ്മേളനം വിളിച്ചുകൂട്ടുക.

4. വിദ്യാഭ്യാസ പരിഷ്കരണത്തിനായും മറ്റും നിയമിക്കപ്പെട്ടുന്ന കമ്മറ്റികളിൽ ഗ്രാഡുവേറ്റദ്ധ്യാപകസംഘടനയ്ക്കും പ്രാതിനിധ്യം ലഭിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിക്കുക.

* * *

കായംകുളം യൂണിയന്റെ ഒരു അസാധാരണയോഗം 20-8-55 ൽ കൂടി. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വിവിധകലാപരിപാടികളോടുകൂടി ഒരദ്ധ്യാപക സമ്മേളനം ഒക്ടോബർ മാസത്തിൽ നടത്തണമെന്നു് തീരുമാനിക്കുകയും അതിന്റെ നടത്തിപ്പിലേക്കു് ശ്രീ. പി. രാജരാജവർമ്മ കൺവീനറായുള്ള ഒരു കമ്മറ്റിയെ തെരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു.

ഹരിപ്പാടു്

ഹരിപ്പാട്ടയൂണിറ്റിലെ ഗ്രാഡുവേറ്റദ്ധ്യാപകരുടെ ഒരു അസാധാരണയോഗം 20-9-55ൽ ശ്രീമതി കെ. എൽ. കൊച്ചുമ്മയുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. യോഗത്തിൽ ആദ്യമായി വിശ്വവിഖ്യാതനും അദ്ധ്യാപകബന്ധുവുമായ പ്രൊഫസർ അമർനാഥ് ഝായുടെ അകാല നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്ന ഒരു പ്രമേയം പാസ്സാക്കുകയും അദ്ദേഹത്തിന്റെ ആത്മാവിനു് നിത്യശാന്തി നേരുന്നതിനായി രണ്ടു മിനിട്ടു് മൗനമായി പ്രാർത്ഥിക്കുകയും ചെയ്തു. അനന്തരം പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന പേക്കമ്മീഷൻ റിപ്പോർട്ടിലുള്ള അസംതൃപ്തി രേഖപ്പെടുത്തുന്നതായും അധികാരികളും അദ്ധ്യാപകരോടു ദീക്ഷിച്ചുവരുന്ന ചിറ്റമ്മനയത്തിനു് പൂർണ്ണവിരാമമിടുന്നതിനു് ആവശ്യപ്പെട്ടുകൊണ്ടും ഉള്ള പ്രമേയങ്ങളും തീവ്രമായ ചർച്ചക്കു ശേഷം അംഗീകരിക്കുകയുണ്ടായി. അദ്ധ്യാപക പ്രശ്നങ്ങളും പരിഹരിച്ചു് കിട്ടുന്നതിലേക്കു് വേണ്ട പ്രായോഗികമാർഗ്ഗങ്ങളും പ്രവർത്തകസമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനു് ശ്രീമാന്മാർ വി. നാരായണപിള്ള, പി. രാമചന്ദ്രൻ നായർ, എ. കെ. രാജരാജവർമ്മ എന്നിവരടങ്ങിയ ഒരു കമ്മറ്റിയെ തെരഞ്ഞെടുക്കുകയുണ്ടായി.

മുഞ്ചിറ

സ്ഥലം ഗവണ്മെൻറു് ഹൈസ്കൂളിലെ ഗ്രാഡുവേറ്റു് അദ്ധ്യാപകരുടെ ഒരു യോഗം 24-8-55 ൽ കൂടി ശ്രീ. ടി. ജോർജ്ജു് B. Sc. യെ യൂണിറ്റു് പ്രതിനിധിയായി എതിരില്ലാതെ തിരഞ്ഞെടുത്തു. സംഘടനയുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കുന്നതിനു് ആവശ്യമായ നടപടികളും സ്വീകരിക്കണമെന്നു് യോഗം തീരുമാനിച്ചു. എല്ലാ ഗ്രാഡുവേറ്റദ്ധ്യാപകരും സകലവിധ സഹായസഹകരണങ്ങളും സംഘടനക്കു് നല്കുമെന്നു് വാഗ്ദാനം ചെയ്യുകയുണ്ടായി.

Regd: No. M. 6651.

Vol. 1. Nos. 5 & 6 | PROGRESS-HARIPAD. | Aug–Sept. 1955.

നവീന ഉപകരണങ്ങളോടുകൂടി

പ്രശസ്തമായ രീതിയിൽ നടത്തുന്ന

ദന്താശുപത്രി

ഹൈസ്കൂൾ ജംഗ്ഷൻ, കായംകുളം.

ഡാക്ടർ: C. P. ബാലരാമൻ

സന്ദർശിക്കുവിൻ!

അംബികാ ടെക്സ്റ്റയിൽസ്

ഡാണാപ്പടി — ഹരിപ്പാട്.

ഇവിടെ നവീന രീതിയിലുള്ള സിൽക്ക്, ലിനൻ, ചീട്ടി, ഷർട്ടിംഗ് മുതലായവയും വിവാഹ ആവശ്യത്തിലേക്കുള്ള പട്ടുസാരികളും, ബ്ലൗസ് പീസുകളും, മധുര കവണികളും തുടങ്ങിയായ എല്ലാവിധ ജൗളിത്തരങ്ങളും ഏറ്റവും മിതമായവിലയ്ക്ക് കിട്ടുന്നതാണ്.

ദന്തചികിൽസാലയം

ഡാണാപ്പടി, ഹരിപ്പാട്.

ഡാക്ടർ: K. കരുണാകരൻ (വാരണപ്പള്ളി)

Printed and Published by A. K, Raja Raja Varma B. Sc, B. T. for the Departmental Graduate Teachers' Association, T-C. State, at Minerva Press, Haripad.